ഉത്തരം

(എ) പദ്ധതിയുണ്ട്.

(ബി) 10-5-2000 മുതൽ 23-2-2001 വരെ 3525 എണ്ണം.

(സി) 10-5-2000 മുതൽ 23-2-2001 വരെ 4562 എണ്ണം.

(ഡി) ശരിയായി ലഭിച്ച എല്ലാ അപേക്ഷകൾക്കും അനുമതി നൽകിയിട്ടുണ്ട്.

(ഇ) റോഡ് വികസനത്തിന് തടസ്സമുള്ളവ ഗ്രീൻസോണിൽ ഉൾപ്പെടുന്നവ, ഒറ്റ യൂണിറ്റ്, വാസഗൃഹമല്ലാത്തവ എന്നീ കാരണങ്ങൾകൊണ്ട് 1037 അപേക്ഷകർക്ക് ലൈസൻസ് ലഭിക്കാൻ അർഹതയില്ലാത്തതുകൊണ്ട് നൽകിയിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II അടിയന്തിര പ്രമേയം

പോലീസിനെക്കണ്ട് ഭയന്നോടിയ വട്ടപ്പാറ സ്വദേശി സന്തോഷിന്റെ മരണം

മി. സ്പീക്കർ : വട്ടപ്പാറ കല്ലുവരമ്പ് മുക്കോലയ്ക്കൽ വീട്ടിൽ 9.30 A.M] ബാലകൃഷ്ണപിള്ളയുടെ മകൻ സന്തോഷ് പോലീസ് വിരട്ടി ഓടിച്ചതുമൂലം 15 അടി താഴ്ചയിലേക്ക് വീണതിന്റെ ആഘാതത്തിൽ മരണമടഞ്ഞതിനെത്തുടർന്ന് നിലനിൽക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം 50-ാം ചട്ടപ്രകാരം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വ ശ്രീ. പാലോട് രവി, നാലകത്ത് സൂപ്പി, കെ. പി. വിശ്വനാഥൻ, ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചെയറിന് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, തിരുവനന്തപുരം വട്ടപ്പാറ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ തേക്കട എന്ന സ്ഥലത്ത് ഒരു വാഹന മോഷണത്തിന്റെ അന്വേഷണത്തിനായി 27-2-2001-ന് രാത്രി വട്ടപ്പാറ എസ്.ഐ.യും സംഘവും പോയിരുന്നു. പ്രതിയെ പിടികൂടി തിരിച്ചുവരുന്ന വഴി മുക്കോല എന്ന സ്ഥലത്ത് കുറെ ആളുകൾ കൂടിനിൽക്കുന്നതുകണ്ട് വണ്ടി നിർത്തി. വണ്ടിയിൽ നിന്നും പുറത്തിറങ്ങിയ പോലീസിനെ കണ്ട് അവിടെ കൂടിയ ആളുകൾ പല ഭാഗത്തേക്ക് ഓടിപ്പോയി. കൂട്ടത്തിൽ ഉണ്ടായിരുന്ന കൊച്ചുകുട്ടൻ എന്നുവിളിക്കുന്ന സന്തോഷ് മറിഞ്ഞുവീണ് പരിക്കുപറ്റി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. മെഡിക്കൽ കോളേജിലെ ചികിൽസക്കുശേഷം 28-2-2001-ന് ഉച്ചയോടെ ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് വാങ്ങി സന്തോഷ് വീട്ടിലേക്ക് തിരിച്ചു പോയി. 28-2-2001-ന് സന്ധ്യയോടെ നെഞ്ചുവേദനയും ഛർദ്ദിയും അനുഭവപ്പെട്ടതിനെത്തുടർന്ന് സന്തോഷിനെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വീണ്ടും പ്രവേശിപ്പിച്ചു. ചികിൽസയിലിരിക്കെ 1-3-2001-ന്

LIBRARY ARCHIVES Kerala Legislative Assembly

വെളുപ്പിന് 3 മണിയോടെ സന്തോഷ് മരണമടഞ്ഞു. സന്തോഷിന്റെ മരണത്തെ സംബന്ധിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പരാതി ജില്ലാ പോലീസ് സൂപ്രണ്ടിന് ലഭിച്ചിട്ടുണ്ട്. പരാതിയിൻമേൽ അന്വേഷണം നടത്തി പോലീസിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പാലോട് രവി : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ നൽകിയ മറുപടിയിൽ, ഈ സബ് ഇൻസ്പെക്ടർ അവിടെ ചാർജ്ജ് എടുത്തിട്ട് 20 ദിവസമേയായിട്ടുള്ളു. 20 ദിവസവും 20 സംഭവങ്ങൾ ഉണ്ടാക്കിയിരിക്കുകയാണ്. ഞാൻ അങ്ങയോട് ഓരോന്നോരോന്നായി വിശദീകരിക്കാൻ ആഗ്രഹിക്കുന്നില്ല.

മി.സ്പീക്കർ : ഈ ഒരൊറ്റ സംഭവം പറഞ്ഞാൽ മതി.

ശ്രീ. പാലോട് രവി : ഈ ഒരൊറ്റ സംഭവമേ പറയുന്നുള്ളു. വട്ടപ്പാറയ്ക്കടുത്ത് കല്ലുവരമ്പ് മുക്കോലയ്ക്കൽ വീട്ടിൽ ശ്രീ. ബാലകൃഷ്ണന്റെ മകൻ സന്തോഷിനെ.....എസ്.എസ്.എൽ.സി. പരീക്ഷ നടക്കാൻ പോകുന്ന സമയം ആയതുകൊണ്ട് കുട്ടികൾ രാത്രി പഠിച്ചിട്ട് പുറത്തൊക്കെ നിൽക്കുന്ന ഒരു കോളനിയാണത്. ഒരു റഡിഡന്റ്സ് അസോസിയേഷൻ പ്രവർത്തിക്കുന്ന സ്ഥലമാണ്. ക്ഷേത്രത്തിൽ പോയി മടങ്ങി വന്ന സന്തോഷ് എട്ടേമുക്കാൽ മണിയ്ക്ക് അവിടെ നിൽക്കുമ്പോഴാണ് എസ്.ഐ. ഓടിവന്ന് അവിടെ നിന്നവരെ മുഴുവൻ വിരട്ടിയോടിച്ചത്. എസ്.ഐ.യുടെ കൈയിലിരുന്ന കൈയിൻ കൊണ്ട് ഓടിപ്പോയവരെ എറിഞ്ഞു. സന്തോഷും കൂടെ നിന്നവരും ഓടി. സന്തോഷ് തൊട്ടടുത്ത കുഴിയിൽ ചാടി കാൽ ഒടിയുകയാണ് ചെയ്തത്; കൂടെ ഓടിപ്പോയവർ പോലീസ് മടങ്ങിപോയതിനു ശേഷം തിരികെവന്ന് ഈ കുട്ടിയെ മുകളിൽ കൊണ്ടു വന്നു. നമ്മുടെ മെഡിക്കൽ കോളേജിലെ ഒ.പി.യുടെ സ്ഥിതി അറിയാമല്ലോ. മെഡിക്കൽ കോളേജിൽ കൊണ്ടുചെന്നു. കാൽ ഒടിഞ്ഞതാണെന്നു പറഞ്ഞു. കാലിന് ഫ്രാക്ചർ ഉണ്ട്. ഇവിടെ കിടക്കാൻ സ്ഥലമില്ല എന്നു പറഞ്ഞു. ഇന്റേണൽ ഇൻജ്വറി ഉണ്ടോ എന്ന് നോക്കിയില്ല. ഇയാളുടെ ഹാർട്ട് പരിശോധിച്ചില്ല. ഇ.സി.ജി. എടുത്തില്ല. പോലീസ് അടിച്ച് 15 അടി താഴെ വീണ കുട്ടിയുടെ കാലിൽ കോമ്പൗണ്ട് ഫ്രാക്ചർ ഉണ്ടായി. രാത്രി ഒരു പത്തുപന്ത്രണ്ട് മണിക്ക് പ്ലാസ്റ്റർ ഇട്ട് ഇയാളെ തിരിച്ചയക്കുകയാണു ചെയ്തത്. വീട്ടിൽ വന്നപ്പോൾ ശ്വാസം മുട്ടൽ ഉണ്ടായി. അപ്പോൾ വീണ്ടും മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുപോയി. അവിടെ കൊണ്ടു ചെന്ന് 2 മണിക്കൂർ കഴിഞ്ഞ് കുട്ടി മരിക്കുന്നു. അതിന്റെ തൊട്ടു തലേ ദിവസം, ആ ജംങ്ഷന് അടുത്ത് മുറുക്കാൻ കട നടത്തുന്ന ഒരു പാവപ്പെട്ട കച്ചവടക്കാരനുണ്ട്. ഐസക് എന്നാണ് അയാളുടെ പേര്. ഈ എസ്.ഐ. ആ കടയിൽ വന്നപ്പോൾ ഐസക് മണ്ണെണ്ണയോ മറ്റോ വാങ്ങാൻ പോയിരിക്കുകയായിരുന്നു. കാഴ്ച വളരെ കുറവുള്ള ഒരു വൃദ്ധനാണ് അദ്ദേഹം. അയാൾ വന്നപ്പോൾ ഈ എസ്.ഐ. 'അടയെടാ കട' എന്നുപറഞ്ഞു. എന്നിട്ട് ആ മുറുക്കാൻകടയിൽ ആകെയുണ്ടായിരുന്ന ഒരു ബഞ്ച് ജീപ്പിലെടുത്തിട്ട് കൊണ്ടുപോയി. അതിന്റെ തൊട്ടടുത്തദിവസം അടുത്ത ജംങ്ഷനിൽ ചെന്നു. 'കായംകുളം' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരാൾ അവിടെ ഒരു ചായക്കട നടത്തുന്നുണ്ട്. ആ കടയിൽ എസ്.ഐ. പോലീസുകാരുമായി ചെന്നിട്ട് അവിടെ കിടന്ന ഫൈബർ കസേരകൾ ജീപ്പിലെടുത്തിട്ട് സ്റ്റേഷനിൽ കൊണ്ടു പോയി. ബഹു.മുഖ്യമന്ത്രി സ്പെഷ്യൽ ബ്രാഞ്ചിലെ ഉദ്യോഗസ്ഥരെകൊണ്ട് ആ ബഞ്ചും കസേരകളുമൊക്കെ പോലീസ് സ്റ്റേഷനിൽ ഇല്ലേ എന്ന് അന്വേഷിക്കണം. സർ, പേപ്പട്ടിയെ കണ്ടാൽ ആളുകൾ ഓടും. ആന വിരണ്ട് ഓടിയാൽ ആളുകൾ ഓടും. ഇങ്ങനെ ഒരു സ്ഥിതി..... 16 കിലോമീറ്ററേ മുഖ്യമന്ത്രിയുടെ ആഫീസിൽ നിന്നും പോലീസ് സ്റ്റേഷനിലേക്ക് ഉള്ളു. അങ്ങയുടെ പാർട്ടിക്ക്, ഭരിക്കുന്ന പാർട്ടികൾക്ക്. പ്രതിപക്ഷത്ത് ഇരിക്കുന്ന രാഷ്ട്രീയ പാർട്ടികൾക്ക്..... ഇയാൾ എന്താണ് ഇവിടെ ചെയ്യുന്നത് ? അവിടെ കലാപം ഉണ്ടാകുന്നു. 22 വയസ്സുള്ള നിരപരാധിയായ ഒരു കുട്ടി മരിച്ചിരിക്കുന്നു. അയാളെ അവിടെനിന്നും മാറ്റാൻ ഞാൻ അങ്ങയോട് ശുപാർശ ചെയ്യണോ ? ഞാൻ ഈ നിയമസഭയിൽ ജനങ്ങളുടെ പ്രതിനിധിയായി വന്ന ഒരാൾ എന്ന നിലക്ക് ഉത്തരവാദിത്വത്തോടുകൂടി പറയുന്ന ഒരു കാര്യമാണ്. മാതൃഭൂമി പത്രത്തിൽ പറഞ്ഞിരിക്കുന്നത് എന്താണ് ? " ഇൻസ്പെക്ടർ വിരട്ടിയോടിച്ച് കുഴിയിൽ വീണ് പരിക്കേറ്റ യുവാവ് മരിച്ചു." മലയാള മനോരമയിൽ പറഞ്ഞിരിക്കുന്നു. "മുക്കോലയ്ക്കൽ ബാലകൃഷ്ണപിള്ളയുടെ മകൻ സന്തോഷ് കുമാർ ക്ഷേത്രദർശനം കഴിഞ്ഞ് മടങ്ങിവരുമ്പോൾ ചൊവ്വാഴ്ച രാത്രി പോലീസ് സംഘം ജംങ്ഷനിൽ നിന്നവരെ ലാത്തി ചുഴറ്റി ഓടിച്ച് മറിഞ്ഞു വീണ് മരിച്ചു" ഇപ്പോഴും ആ എസ്.ഐ. അവിടെയിരിക്കുകയാണ്. അങ്ങ് ആലോചിക്കണം. ജോലി കഴിഞ്ഞ് ആരെയും ചൂഷണം ചെയ്യാതെ വൈകുന്നേരം കൂലിയും വാങ്ങാതെ ജംങ്ഷനിലേക്ക് വരുന്ന, ഉടുപ്പിടാത്തവർ, ബനിയൻപോലും ധരിക്കാത്തവർ ഒരു ചായ കുടിക്കാൻവേണ്ടി ജംങ്ഷനിൽ വന്നു നിൽക്കും. കഴിഞ്ഞ കുറെ നാളുകളായി അവരെ ഉപദ്രവിക്കുകയാണ്. അങ്ങ് ആലോചിക്കണം. അവരെയാണ് ഉപദ്രവിക്കുന്നത്. ചെറുപ്പക്കാരെ ഉപദ്രവിക്കുന്നു, കർഷക തൊഴിലാളികളെ ഉപദ്രവിക്കുന്നു. ആരെയും ചൂഷണം ചെയ്യാതെ ജോലി കഴിഞ്ഞ് വൈകുന്നേരമാകുമ്പോൾ ഒരു കപ്പു ചായ കുടിക്കാൻ വേണ്ടി ഞങ്ങളുടെയൊക്കെ ഗ്രാമപ്രദേശങ്ങളിൽ ആളുകൾ കവലയിലേക്ക് കടന്നു വരാറുണ്ട്. ഈ ആളുകളെ ഉപദ്രവിക്കുകയാണ്. ഈ സംഭവം നടന്നതിന്റെ അടുത്ത ദിവസം സന്തോഷ് ആശുപത്രിയിൽ കഴിയുമ്പോൾ മേലേതേക്കട എന്നു പറയുന്ന സ്ഥലത്ത് ഇയാൾ ജീപ്പിൽ വരുന്നു. നല്ലൊരു ചെറുപ്പക്കാരനെ പിടിച്ചുനിർത്തി. 'എടാ നിന്റെ ശരീരം കൊള്ളാമല്ലോട' എന്നുപറഞ്ഞിട്ട് കുനിച്ചു നിർത്തി മുട്ടു കൊണ്ട് ഇടിച്ചു. ഒരു കുറ്റവും ചെയ്യാത്തവനാണ് അയാൾ. ഞാൻ ഈ സഭയിൽ ഒരു കാര്യം പറയാം. ഞാൻ ഒരു ജനപ്രതിനിധിയല്ലേ ? കുറെ വർഷങ്ങളായി ഞാൻ ഈ സഭയിൽ പ്രതിനിധികരിക്കുന്ന ആളല്ലേ ? എന്തുവന്നാലും ഈ ഉദ്യോഗസ്ഥന്റെ പേരിൽ കേസ് എടുക്കണം. ഈ ഉദ്യോഗസ്ഥൻ നാളെ വട്ടപ്പാറ പോലീസ് സ്റ്റേഷൻ ഏരിയായിൽ ക്രമസമാധാനത്തിന് ഇറങ്ങിയാലുള്ള സ്ഥിതി അങ്ങ് ആലോചിക്കണം. ഞാൻ ഗവൺമെന്റിനെ പ്രതിക്കൂട്ടിലാക്കാൻ വേണ്ടി പറയുന്നതല്ല. ഞാൻ പറഞ്ഞ സംഭവങ്ങളുടെ അടിസ്ഥാനത്തിൽ വളരെ ഗുരുതരമായ ഒരു സാഹചര്യമാണ് അവിടെയുണ്ടായിരിക്കുന്നത്. ആ പ്രദേശത്തുള്ള മുഴുവൻ ചെറുപ്പക്കാരും, അവരുടെ വലിയ ശത്രു പോലീസ് സ്റ്റേഷനായി മാറിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഈ നാടിന്റെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കേണ്ടത് പോലീസ് സ്റ്റേഷനാണ്. ആളുകൾ അഭയം തേടി ചെന്നു കയറേണ്ട പോലീസ് സ്റ്റേഷൻ, നാട്ടുകാർ മുഴുവൻ രാഷ്ട്രീയ കക്ഷിഭേദമെന്യേ, ജാതിമതഭേദമെന്യേ ശത്രുതാവളമായി പ്രഖ്യാപിച്ചിരിക്കുകയാണ്. അവിടെ കലാപം ഉണ്ടായാൽ..... പൂന്തുറയിൽ ഈ സാഹചര്യമുണ്ടായപ്പോൾ ഞങ്ങൾ അവിടെ ഓടിയെത്തി. സംഭവം ശമിപ്പിക്കാൻ ശ്രമിച്ചവരാണ് ഞങ്ങളൊക്കെ. അത് ഇവിടെ അടിയന്തിര പ്രമേയമായി കൊണ്ടുവരാനും പരാമർശം കൊണ്ടുവരാനും സ്പീക്കറുടെ അഭിപ്രായം ഞങ്ങൾ അംഗീകരിച്ചവരുമാണ്. ഞാൻ പൂന്തുറയിൽ പോയവനാണ്. ഞങ്ങൾ ജില്ലാ സൂപ്രണ്ടിനെ നേരിൽ പോയി കണ്ട് ഈ കാര്യങ്ങൾ ഓരോന്നായി ബോധ്യപ്പെടുത്തി. ഓരോ പോലീസ് ഉദ്യോഗസ്ഥരേയും ബോധ്യപ്പെടുത്തി. അവർക്ക് 100 ശതമാനം ബോധ്യമുള്ള കാര്യമല്ലേ ? നടപടിയുണ്ടാകണം. ഈ തിരുവനന്തപുരം നഗരത്തിൽ ഡി.ജി.പി.യും ഐ.ജി.യും മുഖ്യമന്ത്രിയുമിരിക്കുന്ന..... നിയമസഭ നടന്നുകൊണ്ടിരിക്കുമ്പോൾ അങ്ങ് ആലോചിക്കണം. ഈ നിയമസഭാ സമ്മേളനം ആരംഭിച്ചതിനുശേഷമാണ് 4 സംഭവങ്ങൾ ഉണ്ടായത്. സാധാരണ നിയമസഭാ സമ്മേളനം നടക്കുമ്പോൾ ഉദ്യോഗസ്ഥൻമാർ വിളിച്ച് താഴോട്ടു പറയും കുഴപ്പങ്ങളൊന്നും ഉണ്ടാകരുത് എന്ന്. ഈ നിയമസഭ സമ്മേളനം നടന്നുകൊണ്ടിരിക്കുന്ന കഴിഞ്ഞ ഒരാഴ്ചയിലാണ് ഇത്രയും ഗുരുതരമായ സാഹചര്യം ഉണ്ടായത്. ഒരു വിളിപ്പാടകലെ പത്തുപതിനാറ് കിലോമീറ്ററിനകത്ത് ഉണ്ടായത്. ആ പോലീസുദ്യോഗസ്ഥനെ സസ്പെന്റു ചെയ്യണം. അയാളുടെ പേരിൽ കേസ് എടുക്കണം. അവിടെ ക്രമസമാധാനം സംരക്ഷിക്കണം. ഇതുപോലെ ഒരു പോലീസ് സ്റ്റേഷൻ അതിർത്തിയിലും ജോലി കഴിഞ്ഞ് മടങ്ങിവന്ന് ചായ കുടിക്കാൻ നിൽക്കുന്ന കറുത്ത ശരീരമുള്ളവരെ, വിയർത്തുനിൽക്കുന്നവരെ പോലീസുകാർക്ക് കൊണ്ടുപോയി ഉരുട്ടാനുള്ളതല്ല. ജോലികഴിഞ്ഞ് ഇറങ്ങിവരുമ്പോൾ ഇത്തിരി ശരീരമുള്ളവനെ ഇടിക്കാം എന്ന ധാരണ ഈ കാലഘട്ടത്തിൽ ഉണ്ടാകാൻ പാടില്ല. നടപടിയുണ്ടാകും എന്ന് ദയവായി പ്രഖ്യാപിക്കണം. ഈ ഉദ്യോഗസ്ഥനുമേൽ നടപടി എടുക്കണം. ഞാൻ ഇവിടെ പറഞ്ഞ കാര്യം വസ്തുനിഷ്ഠമായി അന്വേഷിക്കണം. ഇത് ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ഇ. കെ. നായനാർ</u> : സ്പീക്കർ സർ, സന്തോഷിന്റെ മരണത്തെക്കുറിച്ച് ജില്ലാ പോലീസ് സൂപ്രണ്ട്, പരാതിയിൻമേൽ അടിയന്തിരമായ അന്വേഷണം നടത്തുന്നതിനുവേണ്ടി ആറ്റിങ്ങൽ ഡി.വൈ.എസ്.പി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചതിനുശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പോലീസ് എന്തെങ്കിലും രീതിയിലുള്ള ബലപ്രയോഗം നടത്തിയതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല. ഇപ്പോൾ ഈസമ്മേളനത്തിൽ പറഞ്ഞതുമാത്രമാണ്. പോലീസിനെ കണ്ട് ആളുകൾ ഓടിപ്പോയിഎന്നാണ് വിവരം ലഭിച്ചത്. ജനങ്ങൾക്കെതിരെ അനാവശ്യമായ ബലപ്രയോഗംഒരുനിലയിലും സർക്കാർ അനുവദിക്കുകയില്ല. ജനങ്ങൾക്ക് സംരക്ഷണം കൊടുക്കുന്നതിന് നിയമാനുസരണമായ നടപടികളാണ് പോലീസ് സ്വീകരിക്കേണ്ടത്. ഇതിൽ വീഴ്ചവരുത്തിയവർക്കെതിരെ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. സ്വീകരിച്ചിട്ടുമുണ്ട്. വട്ടപ്പാറ

LIBRARY ARCHIVES Kerala Legislative Assembly

സംഭവത്തെക്കുറിച്ച് അടിയന്തിരമായി അന്വേഷണം നടത്തുന്നതും അതിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കുന്നതുമാണ്. സ്ഥലത്തിപ്പോൾ സംഘർഷാവസ്ഥയൊന്നും നിലവിലില്ല. സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അനുമതി ചെയർ നിഷേധിക്കുന്നു.

ഓർഡർ.....ഓർഡർ...ഇന്നത്തെ അസംബ്ളി കവറിൽ ഗ്രൂപ്പ് ഫോട്ടോയെ സംബന്ധിക്കുന്ന ഒരു കത്ത് നൽകിയിരിക്കുന്നു. അത് കിട്ടിക്കാണുമെന്നു വിചാരിക്കുന്നു. 7-ാം തീയതി ഉച്ചയ്ക്കുശേഷം മൂന്നരമണിക്ക് അസംബ്ലി മന്ദിരത്തിന്റെ മുമ്പിൽ വച്ചാണ്.

III ശ്രദ്ധക്ഷണിക്കൽ

(1) വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി

ശ്രീ. തമ്പാനൂർ രവി : സർ, ഈ സംസ്ഥാനത്തെ ബാധിക്കുന്ന അതീവ ഗുരുതരമായ ഒരു ആവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ കൊണ്ടു വന്നത്. കേരളത്തിലെ വാഹനാപകടങ്ങളും അതിനെ തുടർന്നുള്ള മരണങ്ങളും ക്രമാതീതമായി വർദ്ധിക്കുകയാണ്. ഇൻഡ്യയിൽ മഹാരാഷ്ട്ര കഴിഞ്ഞാൽ റോഡപകടങ്ങളും മരണങ്ങളും അധികമാകുന്ന സംസ്ഥാനമായി കേരളം രണ്ടാം സ്ഥാനത്ത് എത്തിനിൽക്കുകയാണ്. വളരെ അടിയന്തിരമായ, ഫലപ്രദമായ നടപടികൾ ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ചില്ലെങ്കിൽ ഇൻഡ്യ അപകടങ്ങളുടെ കാര്യത്തിൽ ഒന്നാം സ്ഥാനത്ത് എത്തുമോ എന്ന സംശയമാണ് കണക്കുകൾ ചൂണ്ടികാണിക്കുന്നത്. ഞെട്ടിക്കുന്ന വിധത്തിലാണ് റോഡപകടങ്ങളുണ്ടാകുന്നത്. ഏതാനും നാളുകളായി കൂട്ടമരണങ്ങളുടെ വാർത്തയാണ് പത്രങ്ങളിലും വാർത്താ മാധ്യമങ്ങളിലും.പ്രായഭേദവും തരഭേദവുമില്ലാതെ ആളുകൾ റോഡിൽ മരിച്ചു വീഴുകയാണ്. ഈ വാഹനാപകടങ്ങളെല്ലാം മനുഷ്യന്റെ വിലപ്പെട്ട ജീവൻ നഷ്ടപെടുത്തുകയാണ്. ആകസ്മികമായി നടുറോഡിൽ പൊലിയുന്ന ജീവിതങ്ങൾ നിരവധി ആളുകളെ കണ്ണീർക്കയത്തിലേക്ക്തള്ളിവിടുന്നു. ധാരാളം ആളുകൾ അനാഥരാകുന്നു. അപകടമരണം കാരണം അച്ഛനമ്മമാരില്ലാത്ത കുട്ടികളുടെ എണ്ണം കൂടുകയാണ്. ഈയിടെ കേരളത്തിലെ റോഡപകടങ്ങൾ ഉണ്ടാകുന്നതിന്റെ കണക്കു പരിശോധിച്ചാൽ ഒരു ദിവസം ശരാശരി 102 അപകടങ്ങൾ ആണ്സംഭവിക്കുന്നത്. ഓരോ പതിനാലര മിനിറ്റിലും ഒരു അപകടം കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച്, 2000 ജനുവരി മുതൽ ഡിസംബർ വരെ ലഭ്യമായ ലേറ്റസ്റ്റ് സ്ഥിതിവിവരകണക്കനുസരിച്ച് ഏതാണ്ട് 37,072 അപകടങ്ങൾ കേരളത്തിൽ നടന്നിരിക്കുകയാണ്. ഇതിൽ 2,711 ആളുകളുടെ ജീവൻ നഷ്ടപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly